മാർച്ച് 2020

# ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ

മത്തായി 6:13

വിചിന്തനം



ജ്ഞാനസ്നാനവേളയിൽ തന്നിൽ നിറഞ്ഞ പരിശുദ്ധാത്മാവിനാൽ യേശു നയിക്കപ്പെടുന്നത് പിശാചിന്റെ പ്രലോഭനങ്ങളാൽ പരീക്ഷിക്കപ്പെടുന്നതിനു മരുഭൂമിയിലേക്കാണ്. ജീവിതത്തിലുടനീളം പ്രലോഭകൻ പല രൂപത്തിൽ അവിടത്തേ പിന്നാലെയുണ്ടായിരുന്നു. പിതാവുമായി ഗാഢബന്ധത്തിലായിരുന്ന യേശുവിനെ വശീകരിക്കാൻ ഇവയ്ക്കൊന്നിനും കഴിഞ്ഞില്ല. അവിടത്തേക്കു മമത സ്വർഗ്ഗത്തോടു മാത്രമായിരുന്നു. എന്നിട്ടും അവിടന്നു നമ്മോടു പറയുന്നത് പ്രലോഭനങ്ങൾ ഉണ്ടാകേണ്ടതാണെന്നാണ് (മത്തായി 18:7) എങ്കിൽ, പ്രലോഭനം അത്ര മോശം വാക്കല്ല. ഒരുവന്റെ ഉള്ളില്നിന്നു പുറപ്പെടുന്ന കാര്യങ്ങളാണ് അവനെ അശുദ്ധനാക്കുന്നതെന്നാണ് ഈശോ പറയുന്നത്. (മർക്കോ 7: 20–23) ഉള്ളിൽ മറഞ്ഞുകിടക്കുന്ന തിന്മകൾ പുറമേയുള്ള തിന്മകളെ ആകർഷിക്കുന്നു. അതിനൊത്ത ഒരു തിന്മ പുറത്തുനിന്നെത്തുമ്പോൾ അവ മറ നീക്കി പുറത്തുവരുന്നു. ദൈവവുമായി ഗാഢബന്ധം പുലർത്താത്ത മനസ്സും ശരീരവും അതിനോട്ട് ഒന്നായിച്ചേരുന്നു.

യൂദാസ് നല്ലൊരു പാഠ്യവിഷയമാണ്. മൂന്നു വർഷം യേശുവിനോടൊപ്പം നടന്നിട്ടും ധനം യൂദാസിന് എന്നും ഒരു പ്രലോഭന വിഷയമായിരുന്നു. (യോഹ 12, 6) അവന്റെ ഉള്ളിലെ പണത്തോടുള്ള ആർത്തി മുപ്പതു വെള്ളിനാണയത്തിലേക്ക് അവനെ ആകർഷിക്കുന്നു. (മത്താ 26,14–15) യൂദാസിന്റെ ഉള്ളിൽ ഈ തിന്മയില്ലായിരുന്നുവെങ്കിൽ പുറത്തു നിന്നുള്ള സമാനമായ തിന്മയാൽ അവൻ പ്രലോഭിതനാവില്ലായിരുന്നു. യേശു പറയുന്നുണ്ട്, പുറമേനിന്നു മനുഷ്യന്റെ ഉള്ളിൽ പ്രവേശിക്കുന്ന ഒന്നിനും അവനെ അശുദ്ധനാക്കാൻ സാധിക്കയില്ലെന്ന്. കാരണം, അവ മനുഷ്യന്റെ ഹൃദയത്തിൽ പ്രവേശിക്കുന്നില്ല. (മർക്കോ 7:18–19)

പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ എന്തു ചെയ്യണം? സഭാ പണ്ഡിതനായ ഒരിഗൻ പറയുന്നു; "പ്രലോഭനത്തിന് ഒരു പ്രയോജനമുണ്ട്. നമ്മുടെ ആത്മാവിൽ സ്വീകരിച്ചിട്ടുള്ളവ ദൈവത്തിനല്ലാതെ ആർക്കും, നമുക്കുപോലും, അറിയില്ല. എന്നാൽ പ്രലോഭനത്തിലൂടെ അവ വെളിപ്പെടുന്നു. അതു നാം ഏതു തരക്കാരാണെന്നും ഇനിയും മറഞ്ഞിരിക്കാതെ നാം ആരെന്നും അറിഞ്ഞുകൊണ്ട്, നമുക്കു മനസ്സുണ്ടെങ്കിൽ സ്വന്തം തെറ്റുകൾ അറിയാനും പ്രലോഭനങ്ങളിലൂടെ വെളിപ്പെടുത്തപ്പെട്ട നന്മകളെപ്രതി നന്ദി പറയാനുംവേണ്ടിയാണ്." (C.C.C 2847). പ്രലോഭനങ്ങൾ പായ്ക്കപ്പലിൽ വീശിയടിക്കുന്ന കാറ്റ് പോലെയാണ്. വിദഗ്ദനായ കപ്പിത്താൻ ലക്ഷ്യസ്ഥാനത്തെത്താൻ കാറ്റിനെ ഉപയോഗിക്കുന്നത് പോലെ പ്രലോഭനങ്ങളേയും നമ്മുടെ ഉപരി നന്മക്ക് കാരണമാക്കാം. ഈ സത്യം അറിഞ്ഞതുകൊണ്ടാണ് വിശുദ്ധ അഗസ്റ്റീനോസ് ഇപ്രകാരം പ്രാർത്ഥിക്കുന്നത് – "ദൈവമേ, അവിടത്തെ അനന്ത കാരുണ്യം ഞങ്ങൾ ഓരോ ദിവസവും പിടിച്ചുലയ്ക്കപ്പെടുന്നതിനോ അല്ലെങ്കിൽ പ്രലോഭിക്കപ്പെടുകയോ പരീക്ഷിക്കപ്പെടുകയോ പരിശോധിക്കപ്പെടുകയോ, ചെയ്യുന്നതിനും അതുവഴി കുറച്ചെങ്കിലും പുരോഗതി പ്രാപിക്കുന്നതിനും ഇടയാക്കട്ടെ!"

ഏതെങ്കിലും വ്യക്തിയിലേക്കോ, വസ്തുവിലേക്കോ മറ്റെന്തെങ്കിലേക്കുമോ ഒരാൾ പ്രലോഭിക്കപ്പെടുന്നുവെങ്കിൽ അവരേയോ അവയേയോ കുറ്റപ്പെടുത്താതെ ആദ്യം തിരിച്ചറിയേണ്ടത് തന്റെയുള്ളിൽ അങ്ങനെയൊരു തിന്മയോ, തിന്മയിലേക്കുള്ള ചായ്‌വോ ഉണ്ട് എന്നുതന്നെയാണ്. അതാണ് പ്രലോഭന കാരണം; പുറത്തുള്ളവയല്ല. ഈ അവബോധം തന്റെ നിസ്സഹായ അവസ്ഥയിൽനിന്ന് വർദ്ധിച്ച എളിമയും ദൈവാശ്രയവുമുള്ള പ്രാർത്ഥനാജീവിതത്തിലേക്ക് അയാളെ നയിക്കുന്നു. പ്രലോഭനങ്ങൾ അനുവദിക്കുന്ന ദൈവത്തിന്റെ ഉദ്ദേശ്യം കറയോ കളങ്കമോ ഇല്ലാത്ത തന്റെ വിശുദ്ധിയിലേക്ക് ഈ ആത്മാവിനെ ചേർത്തുനിറുത്തുക എന്നതുതന്നെയാണ്. ഇത്തരം വിശുദ്ധചേതനകളിലേക്ക് ജ്ഞാനവും പ്രവേശിക്കുന്നു (ജ്ഞാനം 7:27). മറിയത്തിന്റെ താഴ്മയിലേക്കു കർത്താവിന്റെ കടാക്ഷം ഉണ്ടാകുന്നതുപോലെ.

പ്രലോഭനങ്ങൾ യേശുവിന് തന്റെ ദൗത്യത്തിൽ ഏകാഗ്രമാകാനുള്ള അവസരങ്ങളായിരുന്നു. അത് ലോകത്തെക്കാൾ താൻ ദൈവത്തെയാണ് സ്നേഹിക്കുന്നതെന്നതിന്റെ പ്രഖ്യാപനവുമായിരുന്നു. അവിടെ മാംസം ആത്മാവായി. പ്രാർത്ഥനയും തിരുവചനവും ആയിരുന്നു അവിടത്തെ വഴികൾ. നമുക്കും മറ്റൊരു വഴിയില്ല.

കൂടുകൂട്ടാൻ ഇടം തേടി പ്രലോഭനപക്ഷികൾ നമ്മുടെ തലയ്ക്കുമീതെ പറക്കുമ്പോൾ നമുക്കു പ്രാർത്ഥിക്കാം, "പിതാവേ, ഞങ്ങളെ പ്രലോഭനത്തിൽ ഉൾപ്പെടുത്തരുതേ, എല്ലാ തിന്മകളിൽനിന്നും, പ്രത്യേകിച്ച് ഞങ്ങളുടെ ഉള്ളിൽ ഉള്ളവയിൽ നിന്ന്, ഞങ്ങളെ കാത്തുരക്ഷിക്കണമേ."